# AKHILA MALANKARA ORTHODOX ALMAYA VEDI

**Reg. No. K - 713/2005**

**Post Box No. 652, Kottayam 686 001**

**E-mail: almayavedi@yahoo.co.in**

**Web: www.malankaranazrani.info/Almaya Vedi/almaya.htm**



**കെ. വി. ഏബ്രഹാം കൊടുവത്ത്**
(പ്രസിഡന്റ്)
ഫോൺ: 0481 - 2432507

**സാബു വടകര**
(വൈസ് പ്രസിഡന്റ്)
ഫോൺ: 0481 - 2543742,
94474 56969

**ക്യാപ്റ്റൻ കോശി മത്തായി**
(വൈസ് പ്രസിഡന്റ്)
ഫോൺ: 0481 - 2543742,
93876 10283

**തോമസ് ചാണ്ടി**
(ജനറൽ സെക്രട്ടറി)
ഫോൺ: 0481 - 2517406, 3957546,
9847563188

**കുര്യൻ പി. കുര്യൻ**
(ട്രഷറർ)
ഫോൺ: 93876 05735

**ജയിംസ് പാമ്പാടി**
(സെക്രട്ടറി)
ഫോൺ: 94477 06865

**ഫീലിപ്പോസ് പോട്ടയ്ക്കാവയലിൽ**
(സെക്രട്ടറി)
(എഡിറ്റർ, അൽമായവേദി)
ഫോൺ: 0481 - 2463138

**ബാബു വെട്ടുവേലിൽ**
(സെക്രട്ടറി)
ഫോൺ: 0481 - 2457776

**ജോയ്സ് തോട്ടയ്ക്കാട്**
(പി. ആർ. ഒ.)
ഫോൺ: 99471 20697


# വാർത്ത തെറ്റിദ്ധാരണാജനകം: അൽമായവേദി

ഇന്നലത്തെ മാതൃഭൂമി പത്രത്തിൽ മലങ്കരസഭാ പ്രശ്നത്തെ സംബന്ധിച്ച് വന്ന വാർത്തയിൽ അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദിയെ പരാമർശിച്ച് എഴുതിയിരിക്കുന്ന കാര്യങ്ങൾ ഈ പ്രസ്ഥാനത്തിന്റെ ആശയങ്ങളല്ല.

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ. ദിദിമോസ് കാതോലിക്കാബാവായെ സർവ്വാത്മനാ പിന്തുണയ്ക്കുന്ന ഒരു പ്രസ്ഥാനമാണ്. പ. ദിദിമോസ് കാതോലിക്കാബാവായ്ക്കെതിരെ വിധി വന്ന ഉടൻ തന്നെ അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങൾ അദ്ദേഹത്തെ സന്ദർശിച്ച് പിന്തുണ പ്രഖ്യാപിക്കുകയും ഭാവി കാര്യങ്ങളെ സംബന്ധിച്ച് പ. ദിദിമോസ് കാതോലിക്കാബാവാ, വൈദികട്രസ്റ്റി ഫാ. ഒ. തോമസ് എന്നിവരുമായി മുക്കാൽ മണിക്കൂറോളം ചർച്ച നടത്തുകയും, മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ നടത്താൻ പ്രഖ്യാപിക്കപ്പെട്ട അതേ ദിവസം തന്നെ എന്തു വില കൊടുത്തും നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. സഭാനേതൃത്വം അപ്രകാരം ചെയ്യാമെന്ന് ഉറപ്പു നൽകിയിട്ടുമുണ്ട്.

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ പേരുമായി സാമ്യമുള്ള മറ്റൊരു പ്രസ്ഥാനം കൊടുക്കുന്ന വാർത്തകൾ, ഈ പ്രസ്ഥാനത്തിന്റെ പേരിൽ കൊടുക്കുന്നതിനെതിരെ മാതൃഭൂമിയുടെ ബന്ധപ്പെട്ട ആൾക്കാരെ ഈ പ്രസ്ഥാനം രേഖാമൂലം പ്രതിഷേധം നേരത്തെ അറിയിച്ചിട്ടുള്ളതാണ്. വീണ്ടും അത്തരം വാർത്തകൾ സൃഷ്ടിച്ചു വിടുന്നതിന്റെ പുറകിൽ സിറിയൻ ഓർത്തഡോക്സ് അൽമായവേദി എന്ന പ്രസ്താവനകളിലൂടെ മാത്രം പ്രവർത്തിക്കുന്ന പ്രസ്ഥാനത്തിന്റെ പ്രസിഡണ്ടും ഒരു മാതൃഭൂമി ജീവനക്കാരനുമാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. ഇതു തുടർന്നാൽ മാതൃഭൂമി പത്രം ബഹിഷ്കരിക്കുക, പരസ്യമായി കത്തിക്കുക തുടങ്ങിയ കടുംകൈകൾ ചെയ്യാൻ ഞങ്ങൾ പ്രേരിപ്പിക്കപ്പെടും എന്ന കാര്യം സ്നേഹപൂർവ്വം ഓർപ്പിക്കുന്നു.

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിക്കു വേണ്ടി

**ജോയ്സ് തോട്ടയ്ക്കാട്**

പി. ആർ. ഒ.

കോട്ടയം

19-8-2006